# ടീച്ചിംഗ് മാന്വൽ

**ക്ലാസ് :7** **തീയതി :**

**വിഷയം :** **പിരീഡ് :12**

**യൂണിറ്റ് -1:മധ്യകാല ഇന്ത്യ**

**പഠന ലക്ഷ്യങ്ങൾ**

🌈മുഗൾ രാജവംശത്തിന്റെ രാഷ്ട്ര നയങ്ങൾ, സാമൂഹ്യഘടന, ഭൂവുടമ വ്യവസ്ഥയുടെ സ്വഭാവം, സാമ്പത്തിക പ്രവർത്തനങ്ങൾ മുതലായവ വിശകലനം ചെയ്ത് നിഗമനങ്ങൾ രൂപീകരിക്കുന്നതിന്

🌈വിജയനഗരരാജവംശത്തിലെ ഭരണ സംവിധാനം സാമൂഹിക, സാമ്പത്തിക പുരോഗതി എന്നിവയെക്കുറിച്ച് ധാരണ നേടുന്നതിന്...

🌈മുഗൾ -വിജയനഗര രാജ വംശങ്ങളുടെ താരതമ്യ പഠനത്തിലൂടെ മതസഹിഷ്ണുത രാഷ്ട്ര സ്വഭാവം, ഭരണ സംവിധാനം, സാംസ്കാരിക സമന്വയം, ബഹുസ്വരതയോടുള്ള ബഹുമാനം എന്നിവയെക്കുറിച്ച് നിഗമനങ്ങളിൽ

**ആശയങ്ങൾ/ ധാരണകൾ**

*മുഗൾ രാജാവംശം:

രാഷ്ട്ര നയങ്ങൾ

സാമൂഹ്യഘടന

ഭൂവുടമ വ്യവസ്ഥിതി

സാമ്പത്തിക പ്രവർത്തനങ്ങൾ

*വിജയനഗര രാജവംശം:

ഭരണസംവിധാനം

സാമൂഹിക സാമ്പത്തിക പുരോഗതി

*മുഗൾ - വിജയനഗര രാജവംശങ്ങളിലെ മതസഹിഷ്ണുത, രാഷ്ട്ര സ്വഭാവം ,സാംസ്കാരിക സമന്വയം, ബഹുസ്വരതയോടുള്ള ബഹുമാനം

**പഠന സാമഗ്രികൾ**

ചിത്രങ്ങൾ ,വീഡിയോ ,കറൻസി ,ഭൂപടം ,ചാർട്ട്,

റഫറൻസ് ബുക്സ്, പാഠപുസ്തകം ,അറ്റ്ലസ്

ഐ സിടി ഉപകരണങ്ങൾ ,പ്രവർത്തനക്കാർഡ്

**പ്രതീക്ഷിത ഉത്പന്നങ്ങൾ**

പട്ടിക ,കുറിപ്പ് ,ആൽബം ,പൂരിപ്പിച്ച പ്രവർത്തനക്കാർഡ്, സെമിനാർ റിപ്പോർട്ട്

| പ്രക്രിയ | വിലയിരുത്തൽ |
|---|---|
| നമ്മുടെ രാജ്യത്ത് ഇന്ന് നിലവിലുള്ള കറൻസി നോട്ടുകൾ ഏതൊക്കെ?<br>നോട്ടുകളിൽ പൈതൃക കേന്ദ്രങ്ങൾ ആലേഖനം ചെയ്തിട്ടുണ്ട്.<br>ഏതൊക്കെയാണവ?<br>ഊഹം രേഖപ്പെടുത്തൽ<br>ഡിജിറ്റൽ പ്രസന്റേഷൻ<br>ഊഹവുമായി തട്ടിച്ചു നോക്കുന്നു.<br>പേര് ഉൾപ്പെടുന്ന ലിസ്റ്റ് പ്രദർശിപ്പിക്കുന്നു<br>. **നമ്മുടെ രാജ്യത്ത് ഒരു രൂപ ഒഴികെയുള്ള കറൻസി നോട്ടുകൾ അച്ചടിച്ചിറക്കാനുള്ള അധികാരം ഇന്ത്യയുടെ കേന്ദ്ര ബാങ്ക് ആയ റിസർവ് ബാങ്ക് ഓഫ് ഇന്ത്യയ്ക്കാണ്.**<br>ഇന്ത്യയുടെ ഔട്ട് ലൈൻ മാപ്പ് വ്യക്തിഗതമായി നൽകുന്നു.<br>ഈ സ്മാരകങ്ങൾ ഏത് സംസ്ഥാനങ്ങളിൽ?<br>മാപ്പിൽ അടയാളപ്പെടുത്തൽ<br>കൈമാറി വിലയിരുത്തൽ<br>ഈ സ്മാരകങ്ങളെക്കുറിച്ചുള്ള വായനാകാർഡ് നൽകുന്നു.<br>യുനെസ്കോയുടെലോക പൈതൃക പട്ടിക( 2016 ) യിൽ ഇടം പിടിച്ച സ്മാരകങ്ങളുടെയും സാംസ്കാരിക പരിസ്ഥിതി കേന്ദ്രങ്ങളുടെയും പട്ടിക പ്രദർശനം.<br>ഇതിൽ നിങ്ങൾക്ക് പരിചയമുള്ളവ എന്തൊക്കെയാണ്?<br>ഇത്തരത്തിൽ ഇന്ത്യൻ കറൻസികളിൽ ആലേഖനം ചെയ്യപ്പെട്ട ചെങ്കോട്ട,ഹംപി എന്നിവ നിർമ്മിക്കപ്പെട്ട കാലഘട്ടത്തിൽ ഇന്ത്യയിൽ ഭരണം നടത്തിയ രാജവംശങ്ങളെ ക്കുറിച്ചാണ് നാം 'മധ്യകാല ഇന്ത്യ 'എന്ന യൂണിറ്റിൽ പഠിക്കുന്നത്. മുഗൾ രാജവംശം ഉത്തരേന്ത്യയിലും വിജയനഗര രാജവംശം ദക്ഷിണേന്ത്യയിലുമാണ് ഭരണം നടത്തിയത്.<br>സി. ഇ.എട്ടാം നൂറ്റാണ്ടിനും സി.ഇ.പതിനെട്ടാം നൂറ്റാണ്ടിനിടയിലുള്ള കാലഘട്ടം ഇന്ത്യാ ചരിത്രത്തിലെ മധ്യ കാലഘട്ടം എന്നാണ് അറിയപ്പെടുന്നത്<br>പേജ് 8 മുഗൾ ഭരണം വായന | |

| | |
|---|---|
| മുഗൾ ഭരണം സ്ഥാപിച്ചതാര്?<br>പേജ് 8ലെ പദസൂര്യൻ പ്രദർശനം<br>പ്രധാനപ്പെട്ട മുഗൾ ഭരണാധികാരികൾ<br>ആരൊക്കെ?<br>നോട്ട് ബുക്കിൽ രേഖപ്പെടുത്തൽ<br>തുടർപ്രവർത്തനം<br>മുഗൾ രാജാക്കന്മാരുടെ ചിത്രങ്ങൾ<br>ശേഖരിച്ച് ഒരു ആൽബം തയാറാക്കുക<br>ഡൽഹി കേന്ദ്രമാക്കി ബാബർ സ്ഥാപിച്ച<br>മുഗൾ ഭരണം പിന്നീട് ഇന്ത്യയുടെ മറ്റു<br>ഭാഗങ്ങളിലേക്കും ഇന്ത്യക്ക് പുറമേ<br>അയൽ രാജ്യങ്ങളിലേക്കും വ്യാപിച്ചു.<br>ടി ബി പേജ് 8 ഭൂപടവായന<br>ഇത് ഏത് മുഗൾ ചക്രവർത്തിയുടെ<br>കാലത്തെ ഭൂപടമാണ്?<br>മുഗൾ ഭരണം ഏറ്റവും കൂടുതൽ<br>വിസ്തൃതമായത്<br>ഏത് നൂറ്റാണ്ടിൽ?<br><br>ഭൂപടത്തിൽ നിന്നും ഇന്നത്തെ ഏതെല്ലാം<br>രാജ്യങ്ങളിൽ മുഗൾ ഭരണം<br>വ്യാപിച്ചിരുന്നുവെന്ന് കണ്ടെത്തി<br>പട്ടികപ്പെടുത്തുക.<br>*അഫ്ഗാനിസ്ഥാൻ<br>*<br>*<br>മുഗൾ സാമ്രാജ്യത്തിന്റെ വ്യാപ്തി<br>വീഡിയോ<br>പ്രവർത്തനക്കാർഡ് 1 വിതരണം<br>വ്യക്തിഗതമായി പൂരിപ്പിക്കൽ<br><br>മുഗളരും ഒന്നാം പാനിപ്പത്ത് യുദ്ധവും -<br>വായന<br>ഉത്തരം കണ്ടെത്തൂ... ലോദി വംശത്തിലെ<br>അവസാനത്തെ ഭരണാധികാരി ആര്?<br>ആരൊക്കെ തമ്മിലായിരുന്നു പാനിപ്പത്ത്<br>യുദ്ധം?<br>പാനിപ്പത്ത് യുദ്ധം നടന്ന വർഷം<br>പേജ് 9 ' കിഴക്കിനെ വിറപ്പിച്ച.......<br>എല്ലാവർക്കും പ്രിയപ്പെട്ടവനായിരുന്നു...<br>"വായന<br>ഈ കുറിപ്പിൽ നിന്നും മുഗൾ<br>ചക്രവർത്തിയായിരുന്ന<br>അക്ബറിനെക്കുറിച്ച് നിങ്ങൾക്ക്<br>എന്തൊക്കെയാണ് മനസ്സിലാക്കാൻ<br>കഴിയുന്നത്?<br>ഉത്തരം കണ്ടെത്തൽ<br>അവതരണം | |

| | |
|---|---|
| *അക്ബർ അതിശക്തനായ ചക്രവർത്തി ആയിരുന്നു<br>*<br>*<br>– മതസഹിഷ്ണുത<br>ഫത്തേപ്പൂർ സിക്രി വീഡിയോ പ്രദർശനം<br>അക്ബർ ചക്രവർത്തിയുടെ പുതിയ തലസ്ഥാനം ഏതായിരുന്നു?<br>അക്ബർ ഇബാദത്ത് ഖാന പണികഴിപ്പിച്ച വർഷം<br>അക്ബർ രൂപീകരിച്ച മതം<br>അക്ബർ നിർത്തലാക്കിയ മതനികുതി<br>അക്ബറുടെ രാജസദസ്സിലെ രജപുത്രന്മാർ ആരൊക്കെ?<br>അക്ബർ ഇബാദത്ത്ഖാന പണികഴിപ്പിച്ചതിന്റെ ലക്ഷ്യമെന്തായിരുന്നു?<br>ജഹാംഗീറിന്റെ ഓർമക്കുറിപ്പ് (പേജ് 11) വായന<br>മുഗൾ ഭരണകാലത്ത് വിവിധ ജനവിഭാഗങ്ങൾക്കിടയിൽ മതസഹിഷ്ണുത നിലനിർത്താൻ അക്ബറിന്റെ നയങ്ങൾ എത്രമാത്രം സഹായകമായി?<br>ചർച്ച<br>ക്രോഡീകരണം<br>പ്രവർത്തനക്കാർഡ് -2 വിതരണം.<br>വ്യക്തിഗതമായി പൂരിപ്പിക്കൽ<br>മുഗൾ സൈന്യം - വായന<br>മാൻസബ്ദാരി സമ്പ്രദായം നടപ്പിലാക്കിയ മുഗൾ ചക്രവർത്തി..?<br>എന്താണ് മാൻസബ്ദാരി സമ്പ്രദായം?<br>ചർച്ച<br>ക്രോഡീകരണം<br>പ്രവർത്തനക്കാർഡ് -3 വിതരണം<br>വ്യക്തിഗതമായി പൂരിപ്പിക്കൽ<br>നമ്മുടെ രാജ്യത്ത് ഭരണസൗകര്യത്തിനായി എന്തെല്ലാം ക്രമീകരണങ്ങളാണ് നടത്തിയിട്ടുള്ളത്?<br><br>മുഗൾ ഭരണരീതി- വായന<br>മുഗൾ കാലഘട്ടത്തിൽ ഭരണസൗകര്യത്തിനായി സ്വീകരിച്ചിരുന്ന ക്രമീകരണം എന്തായിരുന്നു?<br>മുഗൾ ഭരണകാലത്ത് ഗ്രാമങ്ങൾ ചേർന്ന് പർഗാനകളും പർഗാനകൾ ചേർന്ന് സർക്കാരുകളും സർക്കാരുകൾ ചേർന്ന് സുബകളായി ക്രമീകരിക്കപ്പെട്ടിരുന്നു.<br>അക്ബറിന്റെ ഭരണകാലത്ത് ഏകദേശം 15 സുബകളും ഔറംഗ സേബിന്റെ | |

| | |
|---|---|
| ഭരണകാലത്ത് ഏകദേശം 20 സുബകളും ഉണ്ടായിരുന്നു.<br>മുഗൾകാലഘട്ടത്തിലെ നീതിന്യായ വിഭാഗത്തിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് ചർച്ച<br>പ്രാദേശിക വിഷയങ്ങൾക്ക് പരിഹാരം കണ്ടെത്തിയിരുന്നത് എങ്ങനെ?<br>നീതിന്യായ വിഷയത്തിൽ അന്തിമ തീർപ്പ് കൽപ്പിച്ചിരുന്നത് ആരാണ്?<br><br>രാജാവിനെ ഭരണകാര്യങ്ങളിൽ സഹായിച്ചിരുന്നത് ആരൊക്കെയാണ്?<br>മുഗൾ ഭരണകാലഘട്ടത്തിലെ നീതിന്യായ നിർവഹണത്തെക്കുറിച്ച് ഒരു കുറിപ്പ് തയ്യാറാക്കുക<br>സാമൂഹ്യ - സാമ്പത്തിക സ്ഥിതി - വായന<br>കുട്ടികളെ 5 ഗ്രൂപ്പാക്കുന്നു. താഴെ പറയുന്ന സൂചകങ്ങളുടെ അടിസ്ഥാനത്തിൽ ആക്ടിവിറ്റി കാർഡുകൾ തയ്യാറാക്കൽ<br>ഗ്രൂപ്പ് 1-സാമൂഹ്യ വ്യവസ്ഥ<br>ഗ്രൂപ്പ് 2 -ജനജീവിതം<br>ഗ്രൂപ്പ് 3 - സാമ്പത്തിക പുരോഗതി<br>ഗ്രൂപ്പ് 4 -കാർഷിക പുരോഗതി<br>ഗ്രൂപ്പ് 5 -കച്ചവടവും നഗരവൽക്കരണവും<br>പാഠഭാഗം വായന ആശയങ്ങൾ കണ്ടെത്തൽ അവതരണം<br>ആക്ടിവിറ്റി കാർഡുകളുടെ പ്രദർശനം<br>വർക്ക്ഷീറ്റ് പൂർത്തിയാക്കൽ<br>പൂർത്തിയാക്കിയ വർക്ക് ഷീറ്റ് കൈമാറി വായന<br>എന്താണ് ഫ്യുഡൽ വ്യവസ്ഥ?<br>മുഗൾ കാലഘട്ടത്തിൽ ഇന്ത്യ സന്ദർശിച്ച ഫ്രഞ്ച് സഞ്ചാരി<br>മുഗൾ കാലഘട്ടത്തിൽ ഇന്ത്യ സന്ദർശിച്ച ഇംഗ്ലീഷുകാരൻ<br>അക്ബറിന്റെ ഭരണകാലത്ത് കാർഷിക രംഗത്തുണ്ടായ പുരോഗതി എന്തെല്ലാം?<br>മുഗൾ ഭരണകാലത്തെ മുഖ്യ ചരിത്രകാരൻ<br>മുഗൾ ഭരണകാലത്തെ പ്രധാനപ്പെട്ട നഗരങ്ങൾ ഏതൊക്കെ?<br>ഇന്ന് ഈ നഗരങ്ങൾ ഏതെല്ലാം രാജ്യങ്ങളിൽ ഉൾപ്പെട്ടിരിക്കുന്നു?<br>അറ്റ്ലസിലെ ഏഷ്യ വൻകരയുടെ രാഷ്ട്രീയ ഭൂപടം ഉപയോഗിച്ച് കണ്ടെത്തുന്നു<br>**സാംസ്കാരിക സമന്വയം** | |

| | |
|---|---|
| നിർമിതികൾ, ഭാഷ, സംഗീതം ഇവ ഓരോന്നും ഓരോ ലോട്ടുകൾ എഴുതി മേശപ്പുറത്ത് വയ്ക്കുന്നു ക്ലാസിലെ കുട്ടികളുടെ എണ്ണത്തിനനുസരിച്ച് ലോട്ടുകൾ വേണം. കുട്ടികളോട് അവയിൽ ഇഷ്ടമുള്ള ഒരു ലോട്ട് എടുക്കാൻ പറയുന്നു. ടീച്ചർ മൂന്നു ചാർട്ടുകൾ ചുമരിൽ ഒട്ടിക്കുന്നു ഒന്നിൽ നിർമ്മിതികൾ രണ്ടാമത്തേതിൽ ഭാഷ മൂന്നാമത്തെ സംഗീതം എന്നിങ്ങനെ തലക്കെട്ടുകൾ എഴുതുന്നു.ലോട്ടുകൾ കിട്ടിയവർ പാഠപുസ്തകത്തിലെ സാംസ്കാരിക സമന്വയം എന്ന ഭാഗം വായിച്ച് നോട്ടിലെ വിഷയവുമായി ബന്ധപ്പെട്ടുള്ള ആശയങ്ങൾ പേപ്പറിൽ എഴുതി ബന്ധപ്പെട്ട ചാർട്ടിൽ ഒട്ടിക്കുന്നു. പൂർത്തിയാക്കിയ ചാർട്ട് കുട്ടികൾ  പരിശോധിക്കുന്നു സ്വയം വിലയിരുത്തുന്നു പരസ്പരം വിലയിരുത്തുന്നു<br>മുഗൾ ഭരണകാലത്ത് മഹാഭാരതം പേർഷ്യൻ ഭാഷയിലേക്ക് വിവർത്തനം ചെയ്തത്<br>ഇൻഡോ -ഇസ്ലാമിക് വാസ്തുവിദ്യാശൈലിക്ക് ഉദാഹരണം<br>പ്രവർത്തനക്കാർഡ് -4 വിതരണം<br>വ്യക്തിഗതമായി ചെയ്യൽ<br>അക്ബറിന്റെ ഭരണകാലത്ത് വിവിധ മേഖലകളിൽ നടന്ന സാംസ്കാരിക സമന്വയം ഉദാഹരണ സഹിതം വ്യക്തമാക്കുക<br>പ്രവർത്തനക്കാർഡ് -5 വിതരണം<br>വ്യക്തിഗതമായി ചെയ്യൽ<br>അക്ബർ ചക്രവർത്തിയുടെ ജീവിതകഥ വീഡിയോ പ്രദർശനം<br>തുടർപ്രവർത്തനം<br>മുഗൾ ഭരണകാലത്ത് വിവിധ മേഖലകളിലുണ്ടായ സമന്വയത്തെ സംബന്ധിച്ച് ചിത്രങ്ങൾ ശേഖരിച്ച് ക്ലാസിൽ അവതരണം നടത്തുക.<br>50 രൂപ കറൻസി നോട്ടിൽ ആലേഖനം ചെയ്തിരിക്കുന്ന ചരിത്ര സ്മാരകം ഏത്?<br>കുട്ടികളുടെ പ്രതികരണം<br>മധ്യകാലത്ത് ഡൽഹി കേന്ദ്രമാക്കി ഭരണം നടത്തിയ മുഗൾ രാജവംശത്തെക്കുറിച്ച് നമ്മൾ മനസ്സിലാക്കിയല്ലോ.<br>ഇതേ കാലഘട്ടത്തിൽ ദക്ഷിണേന്ത്യയിലും വ്യത്യസ്ത രാജവംശങ്ങൾ നിലനിന്നിരുന്നു. | |

| | |
|---|---|
| അക്കൂട്ടത്തിൽ പ്രധാനപ്പെട്ടതാണ് വിജയനഗര രാജ്യം.<br>പേജ് 18 വായന<br>1800ൽ ഹംപിയുടെ അവശിഷ്ടങ്ങൾ കണ്ടെത്തിയ ഇംഗ്ലീഷ് ഈസ്റ്റിന്ത്യാ കമ്പനി ഉദ്യോഗസ്ഥൻ...?<br>ഭൂപടവായന പേജ് 18<br>ആരുടെ കാലഘട്ടത്തെ വിജയനഗരമാണ് ഭൂപടത്തിൽ കാണുന്നത്?<br>ഭൂപടം നിരീക്ഷിച്ച് വിജയനഗരത്തിൽ ഉൾപ്പെട്ട ഇന്നത്തെ ഇന്ത്യൻ സംസ്ഥാനങ്ങൾ കണ്ടെത്തി പട്ടിപ്പെടുത്തുക<br>ഇനി നമുക്ക് വിജയനഗര രാജാക്കന്മാരെ പരിചയപ്പെടാം.<br>പേജ് 19 പട്ടിക പ്രദർശനം<br>താഴെപ്പറയുന്ന ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തൂ..<br>വിജയനഗരസാമ്രാജ്യം സ്ഥാപിച്ചത് ആര്?<br>സാലുവ വംശം സ്ഥാപിച്ചതാര്?<br>കൃഷ്ണദേവരായർ ഏത് വംശത്തിലെ ഭരണാധികാരിയാണ്?<br>അരവിഡു വംശം സ്ഥാപിച്ചതാര്?<br>വിജയനഗരം സ്ഥാപിച്ച വർഷം..?<br>ആരാണ് വിജയനഗരത്തിലെ ഏറ്റവും പ്രശസ്തനായ ഭരണാധികാരി?<br>പേജ് 19 വായനാമെറ്റീരിയൽ പ്രദർശിപ്പിക്കുന്നു.<br>വിജയനഗര കാലഘട്ടത്തിൽ ഇന്ത്യ സന്ദർശിച്ച പോർച്ചുഗീസ് സഞ്ചാരി വിജയനഗരത്തിലെ ഏറ്റവും പ്രധാന ഭരണാധികാരിയായ കൃഷ്ണദേവരായരെക്കുറിച്ചും ഈ അധ്യായത്തിൽ നമുക്ക് പഠിക്കാനുണ്ട്.<br>**മതസഹിഷ്ണുത, കല, സാഹിത്യം**<br>ടി ബി പേജ് 19,20 വായന<br>ഉത്തരം കണ്ടെത്തൂ...<br>കൃഷ്ണദേവരായരുടെ പ്രധാനപ്പെട്ട കൃതികൾ ഏതൊക്കെ?<br>കൃഷ്ണദേവരായരുടെ സദസ്സിനെ അലങ്കരിച്ചിരുന്ന സദസ്സ് അറിയപ്പെട്ടിരുന്നത്..?<br>. താഴെ നൽകിയിട്ടുള്ള സൂചനകളുടെ അടിസ്ഥാനത്തിൽ അക്ബറുടെയും കൃഷ്ണദേവരാരുടെയും മതനയം താരതമ്യം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.<br>മതസഹിഷ്ണുത<br>തുല്യ പരിഗണന<br>ബഹുസ്വരതയോടുള്ള ബഹുമാനം | |

| | |
|---|---|
| എല്ലാവർക്കും സമാധാനം<br>**ഭരണസംവിധാനം-വായന**<br>വിജയനഗര കാലഘട്ടത്തിൽ ഭരണസൗകര്യത്തിനായി സ്വീകരിച്ചിരുന്ന ക്രമീകരണം എന്തായിരുന്നു?<br>വിജയനഗരത്തിലെ ഭരണസംവിധാനത്തേക്കുറിച്ച് ഒരു കുറിപ്പ് തയ്യാറാക്കൂ..<br>വിജയനഗരത്തിലെ ഭരണസംവിധാനത്തിൽ സൈനികമേധാവികൾ അറിയപ്പെട്ടിരുന്നത്..?<br>എന്താണ് അമരനായക സമ്പ്രദായം?<br>മുഗൾ കാലഘട്ടത്തിലെ സൈനിക സംവിധാനത്തെ കുറിച്ചും വിജയനഗര രാജവംശത്തിലെ സൈനിക സംവിധാനത്തെക്കുറിച്ചും ക്ലാസിൽ ചർച്ച ഇവ തമ്മിലുള്ള സാമ്യത പരിശോധന<br>അവതരണം<br>മാൻസബ്ദാരി- അമരനായക സമ്പ്രദായങ്ങൾ തമ്മിൽ താരതമ്യം ചെയ്ത് പട്ടികപ്പെടുത്തുക<br>**സാമൂഹ്യ സാമ്പത്തിക സ്ഥിതി**<br>പാഠപുസ്തകത്തിൽ കൊടുത്തിട്ടുള്ള വിജയനഗര രാജ്യത്തിന്റെ സാമൂഹ്യ സാമ്പത്തിക സ്ഥിതി സാംസ്കാരികം എന്ന ഭാഗങ്ങൾ വായിച്ച് ക്ലാസിൽ ഗ്രൂപ്പുകളായി തിരിഞ്ഞ് ചോദ്യങ്ങൾ തയ്യാറാക്കുകയും നടത്തുകയും ചെയ്യുന്നു .വിജയനഗരം സന്ദർശിച്ച ഡോമിംഗോ പയസ് ഏത് രാജ്യക്കാരനാണ്?<br>വിജയനഗരത്തിലെ പ്രധാന തൊഴിൽ എന്ത്?<br>കൃഷിയുടെ വികസനത്തിനായി നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാം?<br>വ്യാപാര ബന്ധം ഏതൊക്കെ വിദേശ രാജ്യങ്ങളുമായിട്ടായിരുന്നു?<br>വിജയനഗര കാലഘട്ടത്തിൽ ഗവണ്മെന്റിന്റെ പ്രധാന വരുമാന മാർഗങ്ങൾ എന്തെല്ലാം?<br>വിജയനഗര സാമ്രാജ്യത്തിലെ സാമ്പത്തിക സ്ഥിതിയെക്കുറിച്ച് കുറിപ്പ് തയ്യാറാക്കുക<br>ഹസാര രാമക്ഷേത്രം, വിത്തല സ്വാമി ക്ഷേത്രം, വിരൂപാക്ഷ ക്ഷേത്രം, ലോട്ടസ് മഹൽ എന്നിവയുടെ ചിത്രം പ്രദർശിപ്പിക്കുന്നു<br>ഈ ക്ഷേത്രങ്ങൾ ഏതാണെന്ന് അറിയാമോ?<br>കുട്ടികളുടെ പ്രതികരണം. | |

| | |
|---|---|
| ഉത്തരം കണ്ടെത്തൂ...<br>വിജയനഗര കാലഘട്ടത്തിൽ നിർമിച്ച പ്രധാന ക്ഷേത്രങ്ങൾ ഏതെല്ലാം?<br>വിജയനഗര കാലഘട്ടത്തിൽ നിർമിച്ച ക്ഷേത്രങ്ങളുടെ പ്രത്യേകതകൾ എന്തെല്ലാം?<br>വിജയനഗര കാലഘട്ടത്തിൽ ഏറ്റവും കൂടുതൽ വികാസം പ്രാപിച്ച സാഹിത്യം ഏത്?<br>**കൃഷ്ണദേവരായ വീഡിയോ**<br>പ്രവർത്തനക്കാർഡ് -6 വിതരണം<br>വ്യക്തിഗതമായി ചെയ്യൽ<br>തുടർപ്രവർത്തനം<br>വിജയനഗര ഭരണകാലത്തെ സാംസ്കാരിക സംഭാവനകൾ സംബന്ധിച്ച ചിത്രങ്ങൾ ശേഖരിച്ച് ഒരു ഡിജിറ്റൽ ആൽബം തയ്യാറാക്കി ക്ലാസിൽ അവതരിപ്പിക്കൂ...<br><br>അക്ബർ - കൃഷ്ണദേവരായർ എന്നിവരുടെ കാലഘട്ടത്തിൽ വിവിധ മേഖലകളിൽ കൈവരിച്ച നേട്ടങ്ങൾ മാതൃകപരമായിരുന്നു. തന്നിട്ടുള്ള സൂചനകളുടെ അടിസ്ഥാനത്തിൽ ഇവരുടെ സംഭാവനകൾ താരതമ്യം ചെയ്ത് സെമിനാർ റിപ്പോർട്ട് തയ്യാറാക്കി അവതരിപ്പിക്കൂ...<br>സൂചനകൾ<br>* ഭരണരീതി *സംസ്കാരം<br>* *സമ്പത്ത്<br>* *നീതിന്യായം | |